(സി) ഈ സംഘടന തൊഴിൽവകുപ്പിനെ എപ്രകാരമാണ് സംരക്ഷിക്കുന്നത്;

(ഡി) ഈ സംഘടനയ്ക്ക് ബൈലോയും, ഗവൺമെന്റ് അംഗീകാരവും ഉണ്ടോ;

(ഇ) പ്രസ്തുത സംഘടനയുടെ കൺവീനർ 10-4-2003 തീയതി വച്ച് ഗവൺമെന്റിന് എന്തെങ്കിലും ഹർജി നൽകിയിട്ടുണ്ടോ;

(എഫ്) പ്രസ്തുത ഹർജിയിൽ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് മറ്റെന്തെങ്കിലും പരാതിയോ ഹർജിയോ ഗവൺമെന്റിന് മറ്റാരിൽ നിന്നെങ്കിലും പ്രസ്തുത തീയതിക്ക് മുമ്പ് ലഭിച്ചിട്ടുണ്ടോ;

(ജി) ഇല്ലാത്തപക്ഷം തൊഴിൽവകുപ്പ് സംരക്ഷണ സമിതിയുടെ ഹർജി വകുപ്പിന്റെ യശസ്സിന് കോട്ടം വരുത്താനുള്ള ഉദ്ദേശ്യത്തോടുകൂടി ഗവൺമെന്റിൽ സമർപ്പിച്ചിട്ടുള്ളതാണോ എന്നന്വേഷിക്കുമോ;

(എച്ച്) ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവരെ കണ്ടെത്തി അവർക്കെതിരെ മാതൃകാപരമായി ശിക്ഷാ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി—ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) തൊഴിൽ വകുപ്പിലെ രണ്ട് ഉദ്യോഗസ്ഥർക്കെതിരേ ചില ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് കൺവീനർ, തൊഴിൽ വകുപ്പ് സംരക്ഷണ സമിതി എന്ന പേരിൽ സർക്കാരിന് 10-4-2003 തീയതി വച്ച് ഒരു ഹർജി ലഭിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി, എച്ച്) സർക്കാരിന് 10-4-2003 തീയതിവച്ച് ലഭിച്ച ഹർജി ലേബർ കമ്മീഷണറുടെ റിമാർക്സിനായി 27-5-2003-ൽ അയച്ചിട്ടുണ്ട്. ഹർജിയിൽ പറയുന്ന കാര്യങ്ങളുടെ സത്യാവസ്ഥ പരിശോധിച്ച് യുക്തമായ നടപടി എടുക്കുന്നതാണ്.

ചർച്ചയിലൂടെ തൊഴിൽപ്രശ്നങ്ങൾ പരിഹരിക്കുന്ന നടപടി

47 [5603] ശ്രീ. എ. പി. അനിൽകുമാർ:
,, വി. ബാലറാം:
,, ഡൊമിനിക് പ്രസന്റേഷൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര തൊഴിൽ സമരങ്ങളുണ്ടായി;

(ബി) സമരം കൂടാതെ ചർച്ചയിലൂടെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്ന സംസ്കാരം ഉയർത്തിപ്പിടിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പ്രവണത തുടർന്നുകൊണ്ടുപോകുവാൻ എന്തെല്ലാം നടപടികളെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ 20 തൊഴിൽ സമരങ്ങളുണ്ടായിട്ടുണ്ട്.

(ബി) ഉണ്ട്. ഏതെങ്കിലും തൊഴിൽ സ്ഥാപനത്തിൽ എന്തെങ്കിലും തൊഴിൽ പ്രശ്നം ഉടലെടുത്തതായി ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽവകുപ്പിലെ അനുരഞ്ജന ഉദ്യോഗസ്ഥർ അടിയന്തിരമായി ഇടപെട്ട് ചർച്ചയിലൂടെ പ്രശ്നപരിഹാരം നടത്താറുണ്ട്.

(സി) ചർച്ചയിലൂടെ തൊഴിൽപ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർ ഓഫ് അഗ്രികൾച്ചറൽ ലേബർ ഓഫീസർ മുതൽ ലേബർ കമ്മീഷണർ വരെയുള്ള ഉദ്യോഗസ്ഥരെ 1947-ലെ തൊഴിൽ തർക്കനിയമം വകുപ്പ് (4) പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർ ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്.

കുറഞ്ഞ കൂലി ഏർപ്പെടുത്തിയിട്ടുള്ള വ്യവസായങ്ങൾ

48 [5604] ശ്രീ. എ. കെ. മണി:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, സി. പി. മുഹമ്മദ്:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വ്യവസായങ്ങളിലും തൊഴിലുകളിലും കുറഞ്ഞ കൂലി ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എത്ര വ്യവസായശാലകളിലും തൊഴിലുകളിലും കുറഞ്ഞ കൂലി പുതുക്കിയിട്ടുണ്ട്;

(സി) ഏതെല്ലാം വ്യവസായങ്ങളിൽ കുറഞ്ഞ കൂലി പുതുക്കാൻ നടപടി എടുത്തു വരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 41 മേഖലകളിൽ മിനിമം വേതനം ഏർപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (പേര് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.)†

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം 13 മേഖലകളിൽ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത മേഖലകളുടെ പേരുവിവരം ചുവടെ കൊടുക്കുന്നു:

1. ഓയിൽ പാം പ്ലാന്റേഷൻ
2. ബ്ലോക്ക് റബ്ബർ ഫാക്ടറികൾ
3. മദ്യവ്യവസായ വിൽപ്പന മേഖല

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly